(ഇ) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ),(ബി)&(സി) 1.11.1987-നു മുമ്പ് നിയമിക്കപ്പെടുകയും 13.1.1995-ൽ 7 വർഷം സർവ്വീസ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള സർക്കാർ സർവ്വീസിലും മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ ചില നിബന്ധനകൾക്കു വിധേയമായി സർവ്വീസിൽ തുടരാൻ അനുവദിച്ചുകൊണ്ട് 9.3.1995-ൽ 9516/സി1/92/പി ആന്റ് എ ആർ ഡി സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.† ഇങ്ങനെയുള്ളവരെ സ്ഥിരപ്പെടുത്തണമോ വേണ്ടയോ എന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി)&(ഇ) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനെതിരായി ഫയൽചെയ്ത 20042/98/ഒ.പി കേസ്സിൽ തീരുമാനമാകുന്നതുവരെ 9.3.95-ലെ ഗവ. സർക്കുലറിന്റെ തുടർ നടപടികൾ ബഹു: ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കയാണ്. സ്റ്റേ വെക്കേറ്റ് ചെയ്യാൻ അടിയന്തിര നടപടി കൈക്കൊള്ളണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

26 (1386) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി അല്ലാതെ നടക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്ക് എന്ന് അറിയിക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങൾ റദ്ദുചെയ്യാനുള്ള നിർദ്ദേശം സർക്കാർ കൊടുക്കാനുദ്ദേശിക്കുന്നുവോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) എ, ബി എന്നീ പിരിവുകൾക്ക് പൊതുമേഖലാ സ്ഥാപനത്തലവന്മാരിൽനിന്നും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

27 (1387) പി.എസ്.സി. നിയമന വ്യവസ്ഥകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly